Torture on a Pulaya in Narakkal.

372. മിസ്റ്റർ കെ. പി. വള്ളോൻ.—ഫ ഫ ഠ ന്-ൽ അയ്യമ്പിള്ളിക്കാരൻ ചാത്തൻ എന്ന ഒരു പുലയനെ സ്ഥലത്തെ ഒരു കുസ്ഥാനി കഠിനമായിദേഹോപദ്രവം ചെയ്തതിനു ഞാറക്കൽപോലീസ് ഇൻസ്പെക്ടർ ചാർജ്ജ് ചെയ്തിരുന്ന കേസിലെ വാദിയായിരുന്ന പുലയനെ പ്രതിയായ കുസ്ഥാനും അധികൃത സംരക്ഷകനും കൂടി അയ്യമ്പിള്ളിയിൽ നിന്നും ബോട്ടിൽ കയറി എറണാകുളത്തു കൊണ്ടുവരികയുണ്ടായൊ;

ഫ ഫ ഠ ന് ധനു ഫ ഠ ന്-ാംനു- ടി കേസ്സു തമ്മിൽ തീർപ്പിക്കുകയുണ്ടായൊ?

രാമവമ്മതമ്പുരാൻ.—അധികൃതസംരക്ഷകൻ ഫ ഫ ഠ ന് ധനു ഫ ന്-ാംനു- പള്ളിപ്പുറം വില്ലേജിൽ സക്കീട്ടു പോയി മടങ്ങിവരുംവഴി അന്യായക്കാരനായ ചാത്തനും പ്രതിയായ ജേക്കബും തമ്മിലുള്ള അടികലശൽ കേസ്സിനെ പററി അന്വേഷിക്കുകയും, ഒരേ ദേശവാസികളും അയൽപക്കക്കാരുമായ അവർ തമ്മിലുള്ള വഴക്കുകൾ തമ്മിൽ രീനു മേലാൽ സൌഹാർദ്ദമായി ജീവിക്കുന്നതു പൊതുവിൽ ക്ഷേമകരമായിരിക്കുമെന്നു് ഉപദേശിക്കുകയും, അവർ അതു സമ്മതിക്കുകയും ചെയ്തു. അതു കക്ഷികൾ രണ്ടുപേരും അധികൃത സംരക്ഷകനും ഒരുമിച്ചു ഒരു ബോട്ടിൽ ആണു് എറണാകുളത്തേക്കു മടങ്ങിയതു്.

കേസ്സു് തമ്മിൽ തീരുവാൻ കക്ഷികളെ ഉപദേശിക്കുകയുണ്ടായി. പിന്നെ അതു തമ്മിൽ തീർന്നതായി അറിയുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—അടി കൊണ്ട അധികൃതനു മരുന്നു കഴിക്കുവാൻ വേണ്ടി വല്ലതും കൊടുക്കുന്നതിനു് അധികൃത സംരക്ഷകൻ ഉപദേശിക്കയുണ്ടായൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ പി. എസ്സു്. കേശവൻനമ്പൂതിരി.—ഉപദ്രവിച്ച ആളെക്കൊണ്ടു് അധികൃതനു വല്ല നഷ്ടവും കൊടുപ്പിച്ചിട്ടുണ്ടൊ?

രാമവമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ പാലം മാമ്പിള്ളി.—അടി വല്ലതും നടന്നോ?

രാമവമ്മതമ്പുരാൻ.—ആൻസർ നോക്കിയാൽ അറിയാം.

Acquired lands—Trees on.

373. **Mr. Paul Mampilli.**—Will the Government be pleased to state—

(a) are there trees on the lands acquired for road and foot-paths in Narakkal and Nayarambalam ;

(b) why are the trees not removed ;

(c) are the Government aware that the trees are causing obstruction and danger to persons using the road especially at night ?

LIBRARY ARCHIVES Kerala Legislative Assembly